ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 02-11-2025** **TIME : 07.25 PM**

## പ്രധാന

1. **ഇന്ത്യയുടെ ഏറ്റവും ഭാരമേറിയ വാർത്താവിനിമയ ഉപഗ്രഹം CMS-03 വിജയകരമായി വിക്ഷേപിച്ച് ഐഎസ്ആർഒ.**

**ISRO successfully launches India's heaviest communication satellite CMS-03.**

2. **വികസിത രാജ്യമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് സ്ത്രീകളുടെയും പുരുഷന്മാരുടെയും തുല്യ പങ്കാളിത്തം ആവശ്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.**

**President Draupadi Murmu says equal participation of women and men is necessary to achieve the goal of becoming a developed country**

3. **ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിൽ എത്തും.**

**Vice President C.P. Radhakrishnan will arrive in Kerala tomorrow for a two-day visit**

4. രാജ്യത്തെ ഗവേഷണ വികസന രംഗം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള എമേർജിംഗ് സയൻസ് ആൻഡ് ടെക്നോളജി ഇന്നൊവേഷൻ കോൺക്ലേവ് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

**Prime Minister Narendra Modi will inaugurate the Emerging Science and Technology Innovation Conclave, aimed at strengthening the country's research and development sector, in New Delhi tomorrow**

5. ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ടർമാർക്ക് സമാധാനപരമായി വോട്ട് രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ഉറപ്പാക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ .

**The Chief Election Commissioner says that voters will be ensured facilities to cast their votes peacefully in the Bihar assembly elections.**

6. ഇന്ത്യ - ഓസ്ട്രേലിയ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യക്ക് അഞ്ച് വിക്കറ്റ് ജയം. ഐസിസി വനിതാ ലോകകപ്പ് ഫൈനലിൽ ഇന്ത്യ- ദക്ഷിണാഫ്രിക്ക മത്സരം പുരോഗമിക്കുന്നു.

**India wins by five wickets in the third match of the India-Australia Twenty20 cricket series. The India-South Africa match in the ICC Women's World Cup final is underway**

********************

## ISRO- LAUNCH (INTRO)

ഇന്ത്യയുടെ ഏറ്റവും ഭാരമേറിയ വാർത്താവിനിമയ ഉപഗ്രഹം CMS-03 വിജയകരമായി വിക്ഷേപിച്ച് ഐഎസ്ആർഒ. വൈകുന്നേരം 5.26ന് ആന്ധ്രാപ്രദേശിലെ ശ്രീഹരിക്കോട്ട സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നായിരുന്നു വിക്ഷേപണം. നാലായിരം കിലോഗ്രാം ഭാരം വഹിക്കാൻ ശേഷിയുള്ള എൽ വി എം 3 റോക്കറ്റാണ് ദൗത്യത്തിനായി ഉപയോഗിച്ചത്. മൾട്ടി-ബാൻഡ് സൈനിക ആശയവിനിമയ ഉപഗ്രഹമാണ് CMS-03. ഈ ഉപഗ്രഹം ആത്മനിർഭർ ഭാരതിന്റെ മികച്ച ഉദാഹരണങ്ങളിലൊന്നാണെന്ന് ഐ എസ് ആർ ഒ ചെയർമാൻ വി.നാരായണൻ പറഞ്ഞു. എൽ വി എം ഉപയോഗിച്ച് ഇതുവരെ നടത്തിയ എല്ലാ ദൗത്യങ്ങളും വിജയമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

********************

## PM-ESTIC

എമേർജിംഗ് സയൻസ് ആൻഡ് ടെക്നോളജി ഇന്നൊവേഷൻ കോൺക്ലേവ് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

ഒരു ലക്ഷം കോടി രൂപയുടെ ഗവേഷണ, വികസന, ഇന്നൊവേഷൻ സ്കീം ഫണ്ടിനും പ്രധാനമന്ത്രി ചടങ്ങിൽ തുടക്കം കുറിക്കും. രാജ്യത്തെ ഗവേഷണ വികസന ആവാസവ്യവസ്ഥയെ ഉത്തേജിപ്പിക്കുകയാണ് കോൺക്ലേവ് ലക്ഷ്യമിടുന്നത്. ഇതിനായി അക്കാദമിക് ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായം, സർക്കാർ മേഖലകളിൽ നിന്നുള്ള 3,000 ത്തിലധികം പങ്കാളികളെ ഒരുമിച്ച് കൊണ്ടുവരും. മൂന്ന് ദിവസത്തെ കോൺക്ലേവ് ഈ മാസം 5 ന് സമാപിക്കും.

*********************

## FUR REV DAY PRESIDENT-UTTARAKHAND (INTRO)

2047 ഓടെ വികസിത രാജ്യമാവുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സ്ത്രീകളുടെയും പുരുഷന്മാരുടെയും തുല്യ പങ്കാളിത്തം ആവശ്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഉത്തരാഖണ്ഡിലെ ഹരിദ്വാറിൽ പതഞ്ജലി സർവകലാശാലയുടെ ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. വിദ്യാസമ്പന്നരായ പെൺകുട്ടികൾ രാജ്യത്തിന്റെ അഭിമാനം വർദ്ധിപ്പിക്കുമെന്നും ശ്രീമതി മുർമു പറഞ്ഞു.

(ഹോൾഡ് വോയിസ്)

മൂന്ന് ദിവസത്തെ ഉത്തരാഖണ്ഡ് സന്ദർശനത്തിനായി ഡെറാഡൂണിലെ ജോളി ഗ്രാന്റ്

വിമാനത്താവളത്തിൽ എത്തിയ രാഷ്ട്രപതിയെ രാവിലെ ഗവർണർ ഗുർമിത് സിങ്ങും മുഖ്യമന്ത്രി പുഷ്കർ സിംഗ് ദാമിയും ചേർന്ന് സ്വീകരിച്ചു. ഉത്തരാഖണ്ഡിന്റെ രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നിയമസഭയിൽ നാളെ നടക്കുന്ന പരിപാടിയെ ശ്രീമതി മുർമു അഭിസംബോധന ചെയ്യും.

*********************

## VP - KERALA

ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിൽ എത്തും. ഉപരാഷ്ട്രപതിയായ ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ കേരള സന്ദർശനമാണിത്. നാളെ കൊല്ലം ഫാത്തിമ മാത നാഷണൽ കോളേജ് വജ്ര ജൂബിലി ആഘോഷങ്ങളിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും. ഇന്ത്യൻ കയർ കയറ്റുമതി ഫെഡറേഷൻ പ്രതിനിധികളുമായും കൊല്ലത്ത് കൂടിക്കാഴ്ച നടത്തും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് കൊല്ലത്ത് നാളെ ഗതാഗത നിയന്ത്രണം ഉണ്ടാകും. കൊല്ലം നഗരപരിധിയിലെ സ്കൂളുകൾക്ക് നാളെ ഉച്ചയ്ക്കുശേഷം അവധിയായിരിക്കും. മറ്റന്നാൾ തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസും ഉപരാഷ്ട്രപതി സന്ദർശിക്കും.

*********************

## BIHAR CAMPAIGN

ബിഹാറിൽ ഒന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിലെ പ്രചാരണം ഉച്ചസ്ഥായിയിൽ. പ്രധാനമന്ത്രിയും ◌ം മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് ആരായിയിലും നവാഡയിലും പട്നയിലും നടന്ന തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്തു. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, ബെഗുസാരായിലും, ഖഗാരിയയിലും നടന്ന കോൺഗ്രസ് റാലികളെ അഭിസംബോധന ചെയ്തു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ മുസാഫർപൂരിലും വൈശാലിയിലും പ്രചാരണങ്ങളിൽ പങ്കെടുത്തു. ജെ ഡി യു, ആർ ജെ ഡി, ജൻ സുരാജ് പാർട്ടി തുടങ്ങിയ കക്ഷികളുടെ നേതൃത്വത്തിലും പ്രചാരണം ഊർജിതമായി പുരോഗമിക്കുകയാണ്. രണ്ടാം ഘട്ട തെരഞ്ഞെടുപ്പിലേക്കുള്ള പ്രചാരണത്തിനും ചൂടേറുകയാണ്.

*********************

## CEC-VIOLENCE

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ടർമാർക്ക് സമാധാനപരമായി വോട്ട് രേഖപ്പെടുത്താൻ വേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. ഏതെങ്കിലും തരത്തിലുള്ള

അക്രമ സംഭവങ്ങൾ ഉണ്ടായാൽ കർശനമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം കാൻപൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ഈ മാസം 6, 11 തീയതികളിലാണ് ബിഹാറിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 14 ന് നടക്കും.

*********************

## IISF 2025

ചണ്ഡീഗഢിൽ അടുത്ത മാസം ആറ് മുതൽ ഒൻപത് വരെ നടക്കാനിരിക്കുന്ന ഇന്ത്യ ഇന്റർനാഷണൽ സയൻസ് ഫെസ്റ്റിവലിന്റെ തയ്യാറെടുപ്പുകൾ കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗിന്റെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗം അവലോകനം ചെയ്തു. ശാസ്ത്രരംഗത്ത് ഇന്ത്യയുടെ നേട്ടങ്ങൾ എടുത്തുകാണിക്കുന്നതാകും പരിപാടിയെന്ന് അദ്ദേഹം പറഞ്ഞു. സ്വകാര്യ മേഖല, സ്റ്റാർട്ടപ്പുകൾ, യുവ ശാസ്ത്രജ്ഞർ എന്നിവർക്ക് അനുയോജ്യമായ ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞു. ഇന്ന് ശാസ്ത്ര സാങ്കേതികവിദ്യ സർക്കാരിന്റെ വിവിധ നയങ്ങൾക്ക് ദിശാബോധം നൽകുകയാണെന്നും അദ്ദേഹം പറഞ്ഞു.

*********************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*********************

## REV. IND-AUS T-20

ഓസ്ട്രേലിയക്കെതിരെയുള്ള ടി20 പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യക്ക് അഞ്ച് വിക്കറ്റ് ജയം. ഓസീസ് ഉയർത്തിയ 187 റൺ വിജയലക്ഷ്യം, അഞ്ച് വിക്കറ്റ് നഷ്ടത്തിൽ ഒൻപത് പന്ത് ബാക്കി നിൽക്കെ ഇന്ത്യ മറികടന്നു. മൂന്ന് വിക്കറ്റ് നേടിയ അർഷ്ദീപ് സിംഗാണ് കളിയിലെ താരം. ജയത്തോടെ പരമ്പരയിൽ ഓരോ ജയവുമായി ഇരു ടീമുകളും ഒപ്പത്തിനൊപ്പമാണ്.

*********************

## ICC WOMEN WORLDCUP

ഐസിസി വനിതാ ലോകകപ്പ് ഫൈനലിൽ ഇന്ത്യ- ദക്ഷിണാഫ്രിക്ക മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ ദക്ഷിണാഫ്രിക്ക ഫീൽഡിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 37.5ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 218 റൺ നേടി. മുംബൈയിൽ നടക്കുന്ന മത്സരം മഴയെ തുടർന്ന് വൈകിയാണ് ആരംഭിച്ചത്.

*********************

## PM-ASIAN GAMES

ബഹ്റൈനിൽ വെള്ളിയാഴ്ച്ച സമാപിച്ച ഏഷ്യൻ യൂത്ത് ഗെയിംസിൽ 48 മെഡലുകൾ നേടിയ ഇന്ത്യൻ

സംഘത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. ഏറ്റവും മികച്ച പ്രകടനം പുറത്തെടുത്തതിലൂടെ അത്ലറ്റുകൾ ചരിത്രം സൃഷ്ടിച്ചതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. അവരുടെ നിശ്ചയദാർഢ്യവും, കഠിനാധ്വാനവും തെളിഞ്ഞുകാണാൻ കഴിയുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

*********************

## VP- VIRTUAL ADDRESS (INTRO)

ചിന്തകളെ പരിപോഷിപ്പിക്കുകയും വ്യക്തികളെയും
സമൂഹത്തെയും ശാക്തീകരിക്കുകയും ചെയ്യുന്ന ഇടമാണ് ഗ്രന്ഥശാലകളെന്ന് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ. കേരളത്തിന്റെ ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ പാരമ്പര്യം
ആഘോഷിക്കുന്നതിന് തിരുവനന്തപുരത്ത് പി. എൻ. പണിക്കർ ഫൗണ്ടേഷൻ സംഘടിപ്പിച്ച പരിപാടിയെ വെർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആധികാരികമായ വിവരങ്ങൾ ലഭിക്കാൻ ജങ്ങൾക്ക് ഉപയോഗപ്രദമാകുന്ന വിജ്ഞാന കേന്ദ്രങ്ങളായി ഗ്രന്ഥശാലകൾ നിലകൊള്ളുന്നെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ്)

കേരളത്തിലെ ഗ്രന്ഥശാലകലെ സാമൂഹിക ഉന്നമനത്തിനുള്ള കേന്ദ്രങ്ങളാക്കി മാറ്റുന്നതിൽ പി.എൻ.പണിക്കർ വഹിച്ച പങ്കിനെയും ഉപരാഷ്ട്രപതി പ്രശംസിച്ചു.

*********************

## KERALA - CM

വായനയിലൂടെ കേരള സമൂഹം ആർജ്ജിച്ച മുന്നേറ്റത്തെ ലോകത്തിന് പരിചയപ്പെടുത്താൻ കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പി എൻ പണിക്കർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സമൂഹത്തെ ശാക്തീകരിക്കുന്ന ഗ്രന്ഥശാലകൾ എന്ന അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ക്രിയാത്മകമായ ചർച്ചകൾ ഉയർത്തിക്കൊണ്ട് വന്ന പൊതു വേദികളാണ് കേരളത്തിലെ വായനശാലകളെന്നും മുഖ്യമന്ത്രി പറഞ്ഞു.

*********************

## ZERO PROFIT COUNTER

കേരളത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന 'കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്' പദ്ധതിയുടെ ഭാഗമായി 58 കാരുണ്യസ്പർശം സീറോ പ്രോഫിറ്റ് കൗണ്ടറുകൾ കൂടി ആരംഭിച്ചു. പുതിയ കൗണ്ടറുകളുടെ പ്രഖ്യാപനം ആരോഗ്യ മന്ത്രി

വീണാ ജോർജ് നിർവഹിച്ചു. ക്യാൻസർ രോഗികൾക്ക് വിലകൂടിയ മരുന്നുകൾ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാനാണ് കാരുണ്യസ്പർശം കൌണ്ടറുകൾ ലക്ഷ്യമിടുന്നത്.

*********************

## CMFRI- GLOBAL SYMPOSIUM

നാലാമത് ആഗോള മറൈൻ സിമ്പോസിയം, മീകോസ് 4 ന് മറ്റന്നാൾ കൊച്ചിയിലെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ തുടക്കമാകും. സമുദ്ര ആവാസവ്യവസ്ഥ, മത്സ്യബന്ധനം, അക്വാകൾച്ചർ എന്നീ രംഗങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ ചർച്ചയാകും. ഐ.എസ്.ആർ.ഓ മുൻ ചെയർമാൻ എസ് സോമനാഥ് സിമ്പോസിയം ഉദ്ഘാടനം ചെയ്യും. പരിപാടിയോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി സമുദ്രവിഭവ ഭക്ഷ്യമേളയും സംഘടിപ്പിക്കും.

*********************

## GST REFORMS- TOURISM

പുത്തൻ തലമുറ ജി എസ് ടി പരിഷ്കാരങ്ങൾ ടൂറിസം മേഖലയ്ക്ക് പുത്തൻ ഉണർവാണ് നൽകിയത്. ഏഴായിരത്തി അഞ്ഞൂറ് രൂപയിൽ താഴെയുള്ള ഹോട്ടൽ മുറികൾക്ക് ജി എസി ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചത് വിനോദ സഞ്ചാരികൾക്ക് വലിയ

ആശ്വാസമായി. കുറഞ്ഞ ജി എസ് ടി നിരക്കുകൾ മധ്യവർഗ വിഭാഗത്തിന് ഗുണം ചെയ്തതിനൊപ്പം വിദേശ സഞ്ചാരികളെ കൂടുതൽ ഇന്ത്യയിലേക്ക് ആകർഷിക്കാനും സഹായിച്ചു.

****************************************** *********************